## കുടുംബശ്രീ മലപ്പുറം

## *പട്ടിക വർഗ്ഗ വികസന പരിപാടി*

### *കോ-ഓർഡിനേറ്റർ, ആനിമേറ്റർ മാർക്കുള്ള മേഖലാ തല പരിശീലനം പൂർത്തിയായി*

കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ  പട്ടിക വർഗ്ഗ മേഖലയിൽ നടപ്പിലാക്കിവരുന്ന വിവിധ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് പട്ടിക വർഗ്ഗ വിഭാഗത്തിൽ നിന്നു തന്നെ തെരഞ്ഞെടുത്ത കോ–ഓർഡിനേറ്റർമാർക്കും, ആനിമേറ്റർമാർക്കുമുള്ള പരിശീലനം മലപ്പുറത്ത് പൂർത്തിയായി.

മലപ്പുറം, കോഴിക്കോട്, പാലക്കാട് ജില്ലകളിൽ നിന്നുള്ള കോ–ഓർഡിനേറ്റർമാർക്കും, ആനിമേറ്റർമാർക്കുമുള്ള മൂന്ന് ദിവസത്തെ റസിഡൻഷ്യൽ  പരിശീലനമാണ് 2016 നവംബർ 10,11,12 തിയ്യതികളിലായി മലപ്പുറം–നിലമ്പൂർ PWD റസ്റ്റ് ഹൗസ് ഓഡിറ്റോറിയത്തിൽ  വെച്ച് സംഘടിപ്പിച്ചത്. ഓരോ ജില്ലകളിൽ നിന്നും താഴെ പറയും പ്രകാരം അംഗങ്ങൾ പരിശീലനത്തിൽ പങ്കെടുത്തു.

| ക്രമ നമ്പർ | ജില്ല | ആനിമേറ്റർമാരുടെ എണ്ണം | കോ–ഓർഡിനേറ്റർമാരുടെ എണ്ണം |
|---|---|---|---|
| 1 | മലപ്പുറം | 10 | 1 |
| 2 | പാലക്കാട് | 7 | 1 |
| 3 | കോഴിക്കോട് | 10 | 1 |

മലപ്പുറം കുടുംബശ്രീ ജില്ലാ മിഷൻ  കോ–ഓർഡിനേറ്റർ ശ്രീ മുഹമ്മദ് ഇസ്മായിൽ പരിശീലനം ഉദ്ഘാനടം ചെയ്തു. കുടുംബശ്രീ സംസ്ഥാന മിഷൻ ട്രൈബൽ പ്രോഗ്രാം മാനേജർ ശ്രീ എം പ്രഭാകരൻ ജില്ലാ കൺസൾട്ടന്റ് ശ്രീ ഹസ്കർ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

കാസർഗോഡ് ട്രൈബൽ ട്രൈനിംഗ് ടീം അംഗങ്ങളായ ശ്രീ കൃഷ്ണൻ, അനന്ദൻ, രാജേഷ് എന്നിവരും മലപ്പുറം കുടുംബശ്രീ ആർട്ട് ട്രെയ്നിംഗ് ടീം അംഗങ്ങളായ ശ്രീമതി ഷീജ, എലിസബത്ത് മാത്യു തുടങ്ങിയവരും നിലമ്പൂർ ഐ.റ്റി.ഡി.പി അസിസ്റ്റന്റ് പ്രൊജക്ട് ഓഫീസർ ശ്രീ ഹെറാൾഡ് ജോൺ എന്നിവർ പരിശീലനത്തൽ വിവിധ സെഷനുകൾ കൈകാര്യം ചെയ്തു.

പരിശീലനാർത്ഥികൾ വിവിധങ്ങളായ സ്കിറ്റുകളും കലാപരിപാടികളും അവതരിപ്പിച്ചു.

മലപ്പുറം
10/11/2016

ജില്ലാ മിഷൻ കോ–ഓർഡിനേറ്റർ